compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2024 ജനുവരി 02
**Tuesday, 02nd January 2024**

1199 ധനു 17
**17th Dhanu 1199**

1945 പൌഷം 12
**12th Pousha 1945**

വാല്യം 13
**Vol. XIII**

നമ്പർ
**No.** **1**

## Part III

## Survey and Land Records

©
കേരള സർക്കാർ
GOVERNMENT OF KERALA
2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## സർവ്വേയും ഭൂരേഖയും വകുപ്പ്
## 1961-ലെ കേരള സർവ്വേയും അതിരടയാളവും ആക്ട് 9(2) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്

**ഡി1 – 851/2021**

എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽപ്പെട്ട ഫോർട്ടുകൊച്ചി വില്ലേജിൽ ഉൾപ്പെട്ടു വരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവ്വെ "കേരള സർവ്വേയും അതിരടയാളവും ആക്ട് 9(1)" പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവ്വെ റിക്കാർഡുകൾ എന്റെ ഭൂമി പോർട്ടലിലും, ഫോർട്ടുകൊച്ചി വെളി ഗ്രൌണ്ടിന് സമീപമുള്ള പള്ളത്ത് രാമൻ സാംസ്കാരിക കേന്ദ്രം ഹാളിൽ പ്രവർത്തിച്ചു വരുന്ന ഡിജിറ്റൽ സർവ്വെ ക്യാമ്പ് ഓഫീസിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഭൂവുടമസ്ഥർക്ക് https://entebhoomi.kerala.gov.in എന്ന പോർട്ടലിൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായി പരിശോധിക്കാവുന്നതാണ്. കൂടാതെ എറണാകുളം ജില്ല കൊച്ചി താലൂക്ക് ഫോർട്ടുകൊച്ചി വെളി ഗ്രൌണ്ടിന് സമീപമുള്ള പള്ളത്ത് രാമൻ സാംസ്കാരിക കേന്ദ്രം ഹാളിൽ, ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. പരിശോധനയിൽ, രേഖപ്പെടുത്തിയിട്ടുള്ള റിക്കാർഡുകളിൻമേൽ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം തൃപ്പൂണിത്തുറ റീസർവ്വെ സൂപ്രണ്ടിന് ഫോറം 160-ൽ നേരിട്ടോ "എന്റെ ഭൂമി" പോർട്ടൽ മുഖേന ഓൺലൈനായോ അപ്പീൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനകം അപ്പീൽ സമർപ്പിക്കാത്ത പക്ഷം റീസർവ്വെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥരുടെ പേരു വിവരങ്ങൾ, അതിരുകൾ, വിസ്തീർണ്ണം എന്നിവ കുറ്റമറ്റതായി പ്രഖ്യാപിച്ച് സർവ്വെ അതിരടയാള നിയമം 13-ാം വകുപ്പനുസരിച്ചുള്ള ഫൈനൽ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തി റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവ്വെ സമയത്ത് തർക്കമുന്നയിച്ച് സർവ്വെ അതിരടയാള നിയമം 10-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂവുടമസ്ഥർക്ക് ടി അറിയിപ്പ് ബാധകമായിരിക്കില്ല.

| വില്ലേജിന്റെ പേര് | മുൻ സർവ്വെ നമ്പർ | ഡിജിറ്റൽ റീസർവ്വെ ബ്ലോക്ക് നമ്പർ | റിക്കാർഡുകൾ പരിശോധനയ്ക്ക് വച്ചിരിക്കുന്ന ഓഫീസ് |
|---|---|---|---|
| ഫോർട്ടു കൊച്ചി | 1 മുതൽ 1177 വരെ കൊച്ചി കോർപ്പറേഷൻ ഡിവിഷൻ 1, 2, 3, 4, 26, 27, 28 | 1 മുതൽ 19 വരെ | ഫോർട്ടുകൊച്ചി വെളി ഗ്രൌണ്ടിന് സമീപമുള്ള പള്ളത്ത് രാമൻ സാംസ്കാരിക കേന്ദ്രം ഹാളിൽ |

(ഒപ്പ്)
ബിന്ദു ബി.
ഹെഡ് സർവ്വെയർ
ഫോർട്ടുകൊച്ചി വില്ലേജ്

കാക്കനാട്
29.12.2023

(കുറിപ്പ് :- "എന്റെ ഭൂമി" പോർട്ടലിൽ ഭൂവിവരങ്ങൾ പരിശോധിക്കുന്ന വിധം - "എന്റെ ഭൂമി" പോർട്ടലിൽ (https://entebhoomi.kerala.gov.in) ഭൂവുടമയുടെ ഫോൺ നമ്പർ ഉപയോഗിച്ച് യൂസർ രജിസ്റ്റർ ചെയ്യാവുന്നതും തുടർന്ന് ലഭ്യമാകുന്ന യൂസർ ഐ.ഡി.യും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം തങ്ങളുടെ ഭൂ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## സർവ്വെയും ഭൂരേഖയും വകുപ്പ്
## 1961-ലെ കേരള സർവ്വെയും അതിരടയാളവും ആക്ട് 9(2) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്

**സി1-886/2021**

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽപ്പെട്ട രാമമംഗലം വില്ലേജിൽ ഉൾപ്പെട്ടു വരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവ്വെ "കേരള സർവ്വെയും അതിരടയാളവും ആക്ട് 9(1)" പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവ്വെ റിക്കാർഡുകൾ എന്റെ ഭൂമി പോർട്ടലിലും രാമമംഗലം വില്ലേജിലെ സെൻറ് ജേക്കബ്സ് പബ്ലിക്ക് സ്കൂൾ രാമമംഗലം (സെൻറ് ജേക്കബ്സ് ക്നാനായ വലിയ പള്ളിക്ക് എതിർവശം) പ്രവർത്തിച്ച വരുന്ന ഡിജിറ്റൽ സർവ്വെ ക്യാമ്പ് ഓഫീസിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഭൂവുടമസ്ഥർക്ക് https://entebhoomi.kerala.gov.in എന്ന പോർട്ടലിൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായി പരിശോധിക്കാവുന്നതാണ്. കൂടാതെ സെൻറ് ജേക്കബ്സ് പബ്ലിക്ക് സ്കൂൾ രാമമംഗലം (സെൻറ് ജേക്കബ്സ് ക്നാനായ വലിയ പള്ളിക്ക് എതിർവശം) ഡിജിറ്റൽ സർവ്വെ ക്യാമ്പ് ഓഫീസിൽ സജ്ജീകരിച്ചിട്ടുള്ള സംവിധാനം പ്രയോജനപ്പെടുത്തി ഓഫീസ്പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള റിക്കാർഡുകളിൻമേൽ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം എറണാകുളം (പിറവം) റീസർവ്വെ സൂപ്രണ്ടിന് ഫോറം 160-ൽ നേരിട്ടോ "എന്റെ ഭൂമി" പോർട്ടൽ മുഖേന ഓൺലൈനായോ അപ്പീൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനകം അപ്പീൽ സമർപ്പിക്കാത്ത പക്ഷം റീസർവ്വെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥരുടെ പേരു വിവരങ്ങൾ, അതിരുകൾ, വിസ്തീർണ്ണം എന്നിവ കുറ്റമറ്റതായി പ്രഖ്യാപിച്ച് സർവ്വെ അതിരടയാള നിയമം 13-ാം വകുപ്പനുസരിച്ചുള്ള ഫൈനൽ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തി റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവ്വെ സമയത്ത് തർക്കമുന്നയിച്ച് സർവ്വെ അതിരടയാള നിയമം 10-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂവുടമസ്ഥർക്ക് ടി അറിയിപ്പ് ബാധകമായിരിക്കില്ല.

| വില്ലേജിന്റെ പേര് | മുൻ സർവ്വെ നമ്പർ | ഡിജിറ്റൽ റീസർവ്വെ ബ്ലോക്ക് നമ്പർ | റിക്കാർഡുകൾ പരിശോധനയ്ക്ക് വച്ചിരിക്കുന്ന ഓഫീസ് |
|---|---|---|---|
| രാമമംഗലം | 466-528, 542, 543, 570-584, 611-615, 619, 621-815 | 1 മുതൽ 79 വരെ | സെൻറ് ജേക്കബ്സ് പബ്ലിക്ക് സ്കൂൾ രാമമംഗലം (സെൻറ് ജേക്കബ്സ് ക്നാനായ വലിയ പള്ളിക്ക് എതിർവശം) |

(ഒപ്പ്)
അനിത എസ്
ഹെഡ് സർവ്വെയർ
രാമമംഗലം വില്ലേജ്

രാമമംഗലം
29.12.2023

(കുറിപ്പ് :- "എന്റെ ഭൂമി" പോർട്ടലിൽ ഭൂവിവരങ്ങൾ പരിശോധിക്കുന്ന വിധം - "എന്റെ ഭൂമി" പോർട്ടലിൽ (https://entebhoomi.kerala.gov.in) ഭൂവുടമയുടെ ഫോൺ നമ്പർ ഉപയോഗിച്ച് യൂസർ രജിസ്റ്റർ ചെയ്യാവുന്നതും തുടർന്ന് ലഭ്യമാകുന്ന യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം തങ്ങളുടെ ഭൂ വിവരങ്ങൾ പരിശോധിക്കാവുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**1961 ലെ കേരള സർവെ അതിരടയാള ആക്റ്റ്**
**വകുപ്പ് 6 പ്രകാരമുള്ള പരസ്യം**

ഡി1-3145/2023 തീയതി : 28-12-2023

മലപ്പുറം ജില്ലയിലെ ചുവടെ ചേർക്കുന്ന വില്ലേജുകളുടെ ഡിജിറ്റൽ സർവെ സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം ഉടനടി ആരംഭിച്ച് അതിർത്തിനിർണ്ണയവും സർവെയും നിർവ്വഹിക്കപ്പെടുമെന്നതിനാൽ ടി ഭൂമികളുള്ളിലോ, അവയോട് ചേർന്നോ സ്ഥിതിചെയ്യുന്ന പതിവ് ഭൂമികളിൻമേൽ താൽപര്യമുള്ളവർ നേരിട്ടോ, ഏജന്റ് മുഖേനയോ ആ പ്രദേശത്ത് നിയമിച്ചിട്ടുള്ള സർവെയറെ ഉടനടി കാണണമെന്നും അതിർത്തികൾ കാണിച്ചുകൊടുക്കണമെന്നും, അതുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകണമെന്നും 1961 ലെ കേരള സർവെ അതിരടയാള ആക്റ്റിലെ വകുപ്പ് 6, ഉപവകുപ്പ് 1 പ്രകാരം പരസ്യപ്പെടുത്തുന്നു.

**ഭൂമിയുടെ വിവരങ്ങൾ**

| ക്രമ നമ്പർ | ജില്ല | താലൂക്ക് | വില്ലേജ് |
|---|---|---|---|
| 1 | മലപ്പുറം | തിരൂരങ്ങാടി | അരിയല്ലൂർ |
| 2 | | | ഒതുക്കുങ്ങൽ |
| 3 | | | തിരൂരങ്ങാടി |
| 4 | | പെരിന്തൽമണ്ണ | ആനമങ്ങാട് |
| 5 | | തിരൂർ | നിറമരുതൂർ |
| 6 | | | പുറത്തൂർ |
| 7 | | | കുറ്റിപ്പുറം |
| 8 | | | തൃക്കണ്ടിയൂർ |
| 9 | | ഏറനാട് | ഊർങ്ങാട്ടിരി |
| 10 | | | എടവണ്ണ |
| 11 | | | പെരകമണ്ണ |
| 12 | | | വെറ്റിലപ്പാറ |
| 13 | | | പാണക്കാട് |
| 14 | | പൊന്നാനി | ഈഴുവത്തിരുത്തി |
| 15 | | നിലമ്പൂർ | അകമ്പാടം |
| 16 | | | പുള്ളിപ്പാടം |
| 17 | | | എടക്കര |

ഡിജിറ്റൽ സർവെ പദ്ധതിയുമായി ബന്ധപ്പെട്ട് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൽ സർവെ നടപടികൾ നിർവഹിക്കുമ്പോൾ ചെലവാകുന്ന തുക 12-12-2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 5036/2022 ആർ.ഡി പ്രകാരം മുൻകൂറായി സർക്കാർ വഹിക്കുന്നതും തുടർന്ന് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ ശേഷം ഭൂനികുതിയോടൊപ്പം ടി തുക ഭൂഉടമസ്ഥരിൽ നിന്നും കുടിശ്ശികയായി ഈടാക്കുന്നതുമാണ്.

(ഒപ്പ്/-)

*സർവെ ഓഫീസർ &*
*റീസർവെ അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2024.01.01 04:30:51 +05:30